# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


## പത്രക്കുറിപ്പ്

സംസ്ഥാന സർക്കാർ 2014 മേയ് 26 മുതൽ ജൂൺ 1 വരെ വ്യാപകമായി ഊർജ്ജിത ഭക്ഷ്യസുരക്ഷാവാരം ആചരിക്കുകയാണ്.

ഇതിനോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിൽ ഊർജ്ജിത ഭക്ഷ്യസുരക്ഷാവാരത്തിന്റെ ജില്ലാതല ഉദ്ഘാടനങ്ങൾ ഇന്ന് നടന്നു.

സംസ്ഥാനത്ത് ഊർജ്ജിത ഭക്ഷ്യസുരക്ഷാവാരത്തോടനുബന്ധിച്ച് 63 ഹോട്ടലുകളിലും, 25 ബേക്കറികളിലും, 27 ഫ്രൂട്ട് സ്റ്റാളുകളിലും 17 പച്ചക്കറികടകളിലും റെയ്ഡ് നടത്തി. ഒരു മാമ്പഴ സാമ്പിളും, 17 എണ്ണകൾ, 2 പാൽ, 2പച്ചക്കറി, 2 വെള്ളം എന്നിവ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഗുരുതരമായ ന്യൂനതകൾ കണ്ടെത്തിയിട്ടില്ല. ചെറിയ ന്യൂനതകൾ കണ്ടെത്തിയ ഹോട്ടൽ-ബേക്കറിയുടമകൾക്ക് താക്കീതുകൾ നൽകി അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പൊതുജനങ്ങളിൽ നിന്ന ലഭിച്ച 13 പരാതികളിൽ 9 എണ്ണത്തിനും പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള 4 പരാതിയിന്മേൽ ഉടൻ നടപടി എടുക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ നടത്തിയ പരിശീലനപരിപാടിയിൽ 75 ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർ പങ്കെടുത്തു. കാസറഗോഡ് ജില്ലയിൽ നടത്തിയ പരിശീലനപരിപാടിയിൽ 38 ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരും 2 സംഘടനകളിലെ പ്രതിനിധികളും പങ്കെടുത്തു. മലപ്പുറം ജില്ലയിൽ നടത്തിയ പരിശീലനപരിപാടിയിൽ 52 ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരും 5 സംഘടനകളിലെ പ്രതിനിധികളും പങ്കെടുത്ത. വയനാട് ജില്ലയിൽ നടത്തിയ

പരിശീലനപരിപാടിയിൽ 25 ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർ പങ്കെടുത്തു. മറ്റു ജില്ലകളിൽ തുടർന്നുള്ള ദിവസങ്ങളിൽ പരിശീലന പരിപാടിയും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതാണ്.

ഇതുവരെ സംസ്ഥാനത്ത് **165** ഹോട്ടലുകളിലും 58 ബേക്കറികളിലും, 53 ഫ്രൂട്ട് സ്റ്റാളുകളിലും, 26 പച്ചക്കറികടകളിലും റെയ്ഡ് നടത്തി. 14 മാമ്പഴ സാമ്പിളുകൾ, 51 എണ്ണകൾ, 7 പാൽ, 4 പച്ചക്കറികൾ, 2 കുടിവെള്ളം എന്നിവ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ഹോട്ടൽ, റസ്റ്റോറന്റുകൾ എന്നീവയെ കുറിച്ചും മാമ്പഴങ്ങൾ, എണ്ണകൾ, പാൽ തുടങ്ങീയ ഭക്ഷ്യവസ്തുകളെക്കുറിച്ചും പരാതിയുള്ളവർ ടോൾ ഫ്രീ നമ്പർ (1800 425 1125) ലേക്ക് വിളിച്ചറിയിക്കേണ്ടതാണ്. തുടർന്നുള്ള ദിവസങ്ങളിലും പരിശോധന കർശനമാക്കുന്നതാണ്.

29.05.2014

**ഭക്ഷ്യസുരക്ഷാ കമ്മീഷണർ(i/c)**